**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3864** **17-03-2025 - ല്‍ മറുപടിയ്ക്ക്**

**പ്രവാസി കേരളീയ ക്ഷേമ ബോര്‍ഡ് പെന്‍ഷന്‍**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. സുജിത് വിജയന്‍പിള്ള | | ശ്രീ. പിണറായി വിജയന്‍<br>(മുഖ്യമന്ത്രി) | |
| (എ) | പ്രവാസി കേരളീയ ക്ഷേമ ബോര്‍ഡില്‍ പെന്‍ഷന് അപേക്ഷിക്കുന്നതിനുള്ള പ്രായം എത്രയാണ്; | (എ) | **നിലവിലെ വ്യവസ്ഥകള്‍ പ്രകാരം 18 വയസ്സിനും 55 വയസ്സിനും മദ്ധ്യേ ക്ഷേമനിധിയില്‍ അംഗത്വമെടുത്ത് അംശദായം തുടര്‍ച്ചയായി അടച്ചു വരുന്നവര്‍ക്ക് 60 വയസ്സ് പൂര്‍ത്തിയാകുന്നതിന്റെ തൊട്ടടുത്ത മാസം മുതല്‍ പെന്‍ഷന്‍ അനുവദിച്ചു വരുന്നു. 55 വയസ്സിനു ശേഷം 60 വയസ്സു വരെ അംഗത്വമെടുത്തവര്‍ക്ക് 5 വര്‍ഷം അംശദായമടച്ച് പൂര്‍ത്തിയാക്കുന്നതിന്റെ തൊട്ടടുത്ത മാസം മുതലും പെന്‍ഷന്‍ ലഭിക്കുന്നതിന് അര്‍ഹതയുണ്ട്.** |
| (ബി) | പ്രവാസി പെന്‍ഷന് അപേക്ഷിക്കുന്ന 60 വയസ്സിന് മുകളില്‍ പ്രായമുള്ളവര്‍ക്ക് അംശാദായം കുടിശ്ശിക ഉണ്ടെങ്കില്‍ കുടിശ്ശിക ഒറ്റത്തവണയായി സ്വീകരിച്ച് പെന്‍ഷന്‍ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കാമോ? | (ബി) | **60 വയസ്സിന് മുകളില്‍ പ്രായമുള്ളവര്‍ക്ക് അംശാദായം കുടിശ്ശിക ഉണ്ടെങ്കില്‍ കുടിശ്ശിക ഒറ്റത്തവണയായി സ്വീകരിച്ച് പെന്‍ഷന്‍ അനുവദിക്കുന്ന വിഷയം നിലവില്‍ സര്‍ക്കാരിന്റെ പരിഗണനയിലില്ല.** |

സെക്ഷന്‍ ഓഫീസര്‍